## പതിനാലാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4077 16.03.2017 ന് മറുപടിയ്ക്ക്.

### വന്യമൃഗ ശല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ശശി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വനാതിർത്തി മേഖലകളിൽ താമസക്കാരായ എത്ര കുടുംബങ്ങൾ നിലവിലുണ്ട്; ഇവരുടെ ജീവനും കൃഷിയും വീടും നശിപ്പിക്കുന്ന വന്യമൃഗ ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്ത് വനാതിർത്തി മേഖലകളിൽ താമസക്കാരായ കുടുംബങ്ങളുടെ എണ്ണം വനം വകുപ്പ് കണക്കാക്കിയിട്ടില്ല. ഇത്തരം ആൾക്കാരുടെ ജീവനും കൃഷിയും വീടും നശിപ്പിക്കുന്ന വന്യമൃഗ ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രധാനമായും കുരങ്ങ്, കാട്ടുപന്നി, മ്ലാവ്, കാട്ടാന, മാൻ, മയിൽ തുടങ്ങിയ വന്യജീവികളാണ് കൃഷി നശിപ്പിക്കുന്നത്. ആന, കടുവ, കാട്ടുപന്നി തുടങ്ങിയ വന്യമൃഗങ്ങളാൽ മനുഷ്യ ജീവനാശം ഉണ്ടാകുന്നുണ്ട്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ 5 വർഷക്കാലയളവിലെ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ; | (ബി) ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ 5 വർഷക്കാലയളവിൽ നഷ്ടപരിഹാരമായി നൽകിയ തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. |

| വർഷം | നൽകിയ തുക (രൂപ ലക്ഷത്തിൽ) |
|---|---|
| 2011-12 | 454.42 |
| 2012-13 | 460.74 |
| 2013-14 | 659.05 |
| 2014-15 | 782.45 |
| 2015-16 | 681.68 |

| ചോദ്യം | ഉത്തരം |
|---|---|
| (സി) കൃഷി നശിപ്പിക്കുന്ന കാട്ടുപന്നി, കുരങ്ങ്, മയിൽ, മ്ലാവ്, കാട്ടാന ശല്യം മൂലം കഴിഞ്ഞ 5 വർഷമായി ഓരോവർഷവും എത്ര കൃഷിഭൂമി നശിപ്പിക്കപ്പെട്ടു എന്നും എത്ര പേരുടെ ജീവൻ നഷ്ടമായി എന്നും അംഗഭംഗം, പരിക്ക് എന്നിവ മൂലം ഇപ്പോഴും ചികിത്സ തേടുന്നവർ എത്ര എന്നും വ്യക്തമാക്കുമോ; | (സി) കാട്ടുപന്നി, കുരങ്ങ്, മയിൽ, മ്ലാവ്, കാട്ടാന ശല്യം മൂലം കഴിഞ്ഞ 5 വർഷമായി ഓരോ വർഷവും എത്ര കൃഷിഭൂമി നശിപ്പിക്കപ്പെട്ടു എന്ന വിവരവും, അംഗഭംഗം, പരിക്ക് എന്നിവ മൂലം ഇപ്പോഴും ചികിത്സ തേടുന്നവർ എത്ര എന്നുള്ള വിവരവും വനം വകുപ്പിൽ ലഭ്യമല്ല. വന്യമൃഗ ആക്രമണം മൂലം എത്ര മനുഷ്യജീവൻ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നഷ്ടപ്പെട്ടു എന്ന വിവരം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. |

| വർഷം | മരണമടഞ്ഞവരുടെ എണ്ണം. |
|---|---|
| 2011-12 | 13 |
| 2012-13 | 07 |
| 2013-14 | 20 |
| 2014-15 | 12 |
| 2015-16 | 13 |

(ഡി) ഇവർക്ക് വനംവകുപ്പും സർക്കാരും എന്തൊക്കെ സഹായം കഴിഞ്ഞ 5 വർഷകാലയളവിനുള്ളിൽ നാളിതുവരെ നൽകിയെന്നും മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് എന്ത് സഹായം നൽകി എന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) വന്യജീവി ആക്രമണം മൂലം ജീവനാശം സംഭവിക്കുന്നവരുടെ ആശ്രിതർക്കും കൃഷിനാശം സംഭവിച്ചവർക്കും 1980 ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം കഴിഞ്ഞ 5 വർഷക്കാലം നഷ്ടപരിഹാരമായി നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | നഷ്ടപരിഹാരമായി നല്കിയ തുക ലക്ഷത്തിൽ | | | |
|---|---|---|---|---|
| വർഷം | കൃഷിനാശം | മനുഷ്യ ജീവനാശം (മരണം) | മറ്റുള്ളവ (വസ്തു വകകളുടേയും, കന്നുകാലി കളുടേയും നാശം, പാമ്പുകടി മൂലമുള്ള മരണം) | ആകെ (ലക്ഷത്തിൽ) |
| 2011-12 | 355.42 | 39 | 60 | 454.42 |
| 2012-13 | 364.74 | 21 | 75 | 460.74 |
| 2013-14 | 485.05 | 64 | 110 | 659.05 |
| 2014-15 | 586.45 | 60 | 136 | 782.45 |
| 2015-16 | 491.68 | 65 | 125 | 681.68 |

(ഇ) ഇത്തരത്തിൽ വനാതിർത്തിയിലെ താമസക്കാർക്കുണ്ടാകുന്ന വന്യമൃഗശല്യം ഒഴിവാക്കാനായി ഈ സർക്കാർ വനംവകുപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(ഇ) ഇത്തരത്തിൽ വനാതിർത്തിയിലെ താമസക്കാർക്കുണ്ടാകുന്ന വന്യമൃഗശല്യം ഒഴിവാക്കാനായി വനം വകുപ്പ് സ്വീകരിച്ച സുരക്ഷാ നടപടികൾ ചുവടെ ചേർക്കുന്നു.

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.
3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.
4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികൾ.
5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
6. പ്രശ്നബാധിത മേഖലകളിൽ വന്യജീവികൾ കാടിന് പുറത്തേയ്ക്കിറങ്ങിയതായി അറിഞ്ഞാൽ ആ വിവരം പ്രദേശവാസികൾക്ക് എസ്.എം.എസ് മുഖാന്തിരം അറിയിക്കുകയും ജാഗ്രത പാലിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്ന Early Warning SMS System

വയനാട് , മൂന്നാർ എന്നീ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

7. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
8. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.
9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്കരണം നടത്തുന്നതിനുമുള്ള നടപടികൾ.
10. പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ച് മാറ്റാനും നിയമാനുസരണം വന്ധ്യംകരി-ക്കുവാനും ഉള്ള നടപടികൾ
11. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.
12. കൃഷിയെ നശിപ്പിക്കുന്ന കാട്ടുപന്നികളെ കൃഷിയിടങ്ങളിൽ വച്ച് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി വേട്ടയാടു-ന്നതിനുള്ള അനുമതി.

കൂടാതെ പുതിയതായി പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. 07.02.17 ലെ സർക്കാർ ഉത്തരവ് (സാധാ) നം.51/2017/വനം പ്രകാരം മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ തദ്ദേശീയരും, ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ഒരു സമിതിയാണ് ടി ജനജാഗ്രതാ സമിതി. കൂടാതെ ജനവാസ മേഖലയിൽ ആനയോ മറ്റു വന്യജീവികളോ കടന്നിട്ടുള്ളതായി അറിഞ്ഞാൽ പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേക്ക് എസ്.എം.എസ് മുഖാന്തിരം അറിയിപ്പ് നൽകി അപകടം കുറയ്ക്കുന്നതിനുള്ള Early Warning SMS Alert System മൂന്നാർ, വയനാട്. ആറളം മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റു മേഖലകളിൽ നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്.

Sd/-
സെക്ഷൻ ഓഫീസർ